No.10/2018/SRG/LSGD(19)

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.02.2019 ൽ കൂടിയ യോഗത്തിന്റെ നടപടിവിവരം

യോഗം ഉച്ചകഴിഞ്ഞ് 3.00 മണിക്ക് സെക്രട്ടേറിയറ്റ് ''നോർത്ത് കമ്മിറ്റി'' ഹാളിൽ ആരംഭിച്ചു. ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരു വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

### 1. തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2018-19-ലെ വാർഷിക പദ്ധതി പുരോഗതി - അവലോകനം

27.02.2019 വരെയുള്ള ആകെ പദ്ധതി ചെലവ് 63.68 ശതമാനമാണ്. ട്രഷറികളിൽ സമർപ്പിച്ച ബില്ലുകൾ കൂടി ചേർത്താൽ ഇത് 70.55 ശതമാനം വരും. ഏറ്റവും കൂടുതൽ പദ്ധതി ചെലവ് കൊല്ലം ജില്ലയിലും (67.61 ശതമാനം) ഏറ്റവും കുറവ് കോഴിക്കോട് ജില്ലയിലുമാണ് (60.53 ശതമാനം). 461.24 കോടി രൂപയുടെ 15,380 ബില്ലുകൾ ട്രഷറിയിൽ പെൻഡിംഗ് ആയി ഉണ്ട്. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം**

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 70.09 % |
| ബ്ലോക്ക് പഞ്ചായത്ത് | 68.93 % |
| ജില്ലാ പഞ്ചായത്ത് | 56.76 % |
| മുനിസിപ്പാലിറ്റി | 56.32 % |
| കോർപ്പറേഷൻ | 45.48 % |
| **ആകെ** | 63.68 **ശതമാനം** |

**ജില്ല തിരിച്ചുള്ള ചെലവ് വിവരം**

| | | |
|---|---|---|
| 1 | കൊല്ലം | 67.61 % |
| 2 | പത്തനംതിട്ട | 67.6 % |
| 3 | പാലക്കാട് | 67.15 % |
| 4 | കണ്ണൂർ | 67.05 % |
| 5 | വയനാട് | 67.01 % |
| 6 | ആലപ്പുഴ | 64.44 % |
| 7 | ഇടുക്കി | 63.6 % |

| | | |
|---|---|---|
| 8 | മലപ്പുറം | 62.65 % |
| 9 | കാസറഗോഡ് | 62.44 % |
| 10 | തൃശ്ശൂർ | 61.68 % |
| 11 | കോട്ടയം | 61.60 % |
| 12 | തിരുവനന്തപുരം | 61.42 % |
| 13 | എറണാകുളം | 60.87 % |
| 14 | കോഴിക്കോട് | 60.53 % |

പൊതു വിഭാഗം, SCSP, TSPയുടെ ചെലവ് ശതമാനം താഴെപ്പറയും പ്രകാരമാണ്.

| ജനറൽ | SCSP | TSP |
|---|---|---|
| 69.9% | 60.61% | 57.88% |

## 2. മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.1 31.12.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം തുടർ നടപടികൾ സ്വീകരിക്കേണ്ട വിഷയങ്ങൾ

**ഖണ്ഡിക 3.5**

പട്ടിക വർഗ്ഗ വിഭാഗക്കാരില്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾക്കും റ്റി.എസ്.പി. വിഹിതം അനുവദിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശം പഞ്ചായത്ത് ഡയറക്ടർ ശേഖരിച്ചിരുന്നു. ഈ തുക സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കുന്നതിന് ഹെഡ് ഓഫ് അക്കൗണ്ട് നൽകണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു. കൂടാതെ ഇങ്ങനെ തിരിച്ചടയ്ക്കുന്ന തുക പട്ടികവർഗ്ഗ വിഭാഗക്കാർ കൂടുതലുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിന്റെ സാധ്യത പരിശോധിച്ച് പട്ടികവർഗ്ഗ വികസനവകുപ്പ ഡയറക്ടർ റിപ്പോർട്ട് നൽകണം. ഇതു സംബന്ധിച്ച് സ്റ്റേറ്റ് ഫിനാൻസ് സെൽ ജോയിന്റ് സെക്രട്ടറിയെ കൂടി ചേർത്ത് യോഗം വിളിക്കാൻ തീരുമാനിച്ചു. ഈ പ്രശ്നത്തിന്മേൽ അടിയന്തിര നടപടി സ്വീകരിക്കണം.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2)പട്ടിക വർഗ്ഗ വികസന വകുപ്പ്ഡയറക്ടർ**
**3) ധനവകുപ്പ്**

**ഖണ്ഡിക 4.16**

**കോഴിക്കോട് ജില്ലാ പഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.11.2018-ലെ കത്തും ഭരണസമിതിയുടെ 25.10.2018-ലെ കത്തും**

കയർ കൈത്തറി സഹകരണ സംഘങ്ങൾക്ക് വർക്ക് ഷെഡ് നിർമ്മിക്കുന്നതിനായി താഴെപ്പറയുന്ന പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. (SRG 1079, 1071, 1072, 1073/18)

| ക്രമ നം | പ്രോ.നം. | പേര് | പദ്ധതി വിഹിതം |
|---|---|---|---|
| 1 | 482/19 | ഒളവണ്ണ കയർ സൊസൈറ്റിക്ക് ധനസഹായം നൽകൽ | 15,00,000/- രൂപ |
| 2 | 489/19 | കടലുണ്ടി കയർ സൊസൈറ്റിക്ക് ധനസഹായം നൽകൽ | 15,00,000/- രൂപ |
| 3 | 1235/19 | കേരള കൈത്തറി വീവേഴ്സ് സൊസൈറ്റി വർക്ക് ഷെഡ് ചിറയിൻ പീടിക, അഴിയൂർ | 15,00,000/-രൂപ |
| 4 | 1249/19 | ഇരങ്ങല്ലൂർ കയർ വ്യവസായ സഹകരണ സംഘം - ഒളവണ്ണ | 30,00,000/-രൂപ |

മാർഗ്ഗരേഖയിലെ വ്യവസ്ഥ ഒഴിവാക്കി ജില്ലാ പഞ്ചായത്ത് വകയിരുത്തിയ മുഴുവൻ തുകയും ധനസഹായമായി നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- ഇതു സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ നൽകിയ റിപ്പോർട്ട് യോഗം വിലയിരുത്തി. പ്രളയത്തിലുണ്ടായ നാശനഷ്ടമായതുകൊണ്ട് പ്രത്യേക അനുമതി നൽകുന്നു.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2)പഞ്ചായത്ത് ഡയറക്ടർ**

**2.2 17.01.2019-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**ഖണ്ഡിക 3.2**

അംഗൻവാടി അദ്ധ്യാപകർക്കും ആയമാർക്കും നൽകേണ്ട അധിക ഓണറേറിയത്തിന്റെ കുടിശ്ശിക വികസനഫണ്ടിൽ നിന്ന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യണമെന്ന് ധനവകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ പല തദ്ദേശഭരണ സ്ഥാപനങ്ങളും ഇങ്ങനെയുള്ള കുടിശ്ശിക തനത്ഫണ്ട് ഉപയോഗിച്ച് നൽകാൻ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. കുടിശ്ശിക തുക തനത് ഫണ്ടുപയോഗിച്ച് നൽകുന്നതിനുള്ള അനുമതി നൽകണമെന്ന് ധനവകുപ്പിനോടാവശ്യപ്പെട്ടിരുന്നു വെങ്കിലും തീരുമാനമായില്ല. ഇതു സംബന്ധിച്ച ഫയലിന്മേൽ അടിയന്തിര തുടർ നടപടി തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിക്കണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**
**2) ധനവകുപ്പ്**

**ഖണ്ഡിക 4.1**

**പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത്**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.12.2018-ലെ കത്തും പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 17.12.2018-ലെ II(1)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 1230/18) CC/763/18)**

***പ്രോ.നം 20/19*** ***അടങ്കൽ 20,00,000/- രൂപ***
***വികസനഫണ്ട് - 10,00,000/- രൂപ***
***നിർമ്മൽ പുരസ്കാര വിഹിതം - 10,00,000/- രൂപ***

***പേര്:- നിർമ്മലം നിർഭയം (സ്ത്രീ സൗഹൃദ ശുചിത്വ ബ്ലോക്ക്)***

ബ്ലോക്ക് പഞ്ചായത്ത് മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി നിർമ്മലം നിർഭയം എന്ന പ്രോജക്ട് നടപ്പാക്കുന്നു. ഇതിന്റെ ഭാഗമായി CC TVക്യാമറ സ്ഥാപിക്കാൻ അനുമതി സംബന്ധിച്ച്.

ക്യാമറയിലെ ദൃശ്യങ്ങൾ പോലീസ് സ്റ്റേഷനിൽ കൃത്യമായി മോണിട്ടർ ചെയ്യാൻ പോലീസ് വകുപ്പുമായി ധാരണയി ലെത്തിയിട്ടുണ്ടെന്നും മെയിന്റനൻസിന് ഹരിത കർമ്മസേനയെ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ടെന്നും ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.

തീരുമാനം :- അനുമതി നൽകുന്നു. ഇതിന്റെ പ്രവർത്തനം സംബന്ധിച്ച് ശുചിത്വ മിഷൻ വിലയിരുത്തണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**ഖണ്ഡിക 4.24**

**അരീക്കോട് ഗ്രാമപഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.10.2018-ലെ ത്ത് ( CC/288/18)**

***പ്രോ.നം 133/19*** ***അടങ്കൽ 2,00,000/- രൂപ***

***പേര് - ബസ് സ്റ്റാൻഡ് - ഷോപ്പിംഗ് കോംപ്ലക്സ് സ്റ്റെയർകേസ് നിർമ്മാണം***

ബസ് സ്റ്റാൻഡ് യാർഡ് ഇന്റർലോക്കിംഗും ഡ്രെയ്നേജും എന്ന പ്രോജക്ട് 2017-18-ൽ നടപ്പാക്കി ഫൈനൽ ബിൽ തുക നൽകി ഈ പ്രവൃത്തിയുടെ കരാറുകാരനെ ക്കൊണ്ടുതന്നെ ടെണ്ടർ കൂടാതെ അധികമായി ''ബസ് സ്റ്റാൻഡ് ഷോപ്പിംഗ്

കോംപ്ലക്സ് സ്റ്റെയർ കേസ് നിർമ്മാണം'' എന്ന പ്രവൃത്തി കൂടി ചെയ്യിപ്പിച്ചു. ഇതിന്റെ ബിൽ തുക നൽകാൻ 2018-19-ൽ 2.00 ലക്ഷം രൂപ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കിയെങ്കിലും പ്രവൃത്തി നടപ്പാക്കിയതിനാൽ വെറ്റിംഗ് ഓഫീസർ പരിശോധിച്ചില്ല. ഇതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്.

ഇതു പരിശോധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ താഴെപ്പറയും പ്രകാരം റിപ്പോർട്ട് നൽകി.

രണ്ടു നിലകളിലായി 23 കടമുറികളുള്ള ഇരുനില കെട്ടിടമാണ് ഇത്. L ഷെയ്പ്പിലുള്ള ഈ കെട്ടിടത്തിന്റെ ഒന്നാം നിലയിലേയ്ക്ക് കെട്ടിടത്തിന്റെ തെക്കേ അറ്റത്തും മധ്യഭാഗത്തും കോണിപ്പടികൾഉണ്ട്. ഈ കോണിപ്പടികൾ തമ്മിൽ 19 മീറ്റർ അകലമുണ്ട്. മെയിൻ റോഡിനോടു ചേർന്ന് കോണിപ്പടിയില്ലായിരുന്നു. ഇവിടെയാണ് സ്റ്റീൽ സ്റ്റെയർ, സ്റ്റീൽ പ്ലാറ്റ് ഫോം നിർമ്മിച്ചത്. നടപടിക്രമങ്ങൾ കൂടാതെ ഈ പ്രവൃത്തി ചെയ്യേണ്ട അടിയന്തിര സ്വഭാവം ഇല്ലായിരുന്നുവെന്നും അറിയിച്ചു.

**തീരുമാനം :-** യോഗത്തിൽ ചീഫ് എഞ്ചിനീയർ കൂടി അഭിപ്രായപ്പെട്ടതനുസരിച്ച് ഇപ്രകാരം തീരുമാനമെടുത്തു. പ്രവൃത്തി പരിശോധിച്ച് തൃപ്തികരമായി പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ ആദ്യത്തെ പ്രവൃത്തി ടെണ്ടർപോയ നിരക്കിൽ (32.11% below) തുക നൽകാൻ അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 2.3 05.02.2019-ലെ കോഓർഡിനേഷൻ കമ്മിറ്റിയിലെ തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### ഖണ്ഡിക 3.3

ജനകീയാസൂത്രണ മാർഗ്ഗരേഖ പ്രകാരം കിണർ റീ ചാർജ്ജിംഗിന് ധനസഹായം നൽകാവുന്നതാണ്. തിരുവനന്തപുരം ജില്ലയടക്കം ചില ജില്ലകളിൽ കിണർ റീചാർജ്ജിംഗ് വിപുലമായി നടത്തുന്നുണ്ട്. മണ്ണ് - ജല സംരക്ഷണ പരിപാടിയെന്ന നിലയിൽ ഇതിന്റെ നിർവഹണ ഉദ്യോഗസ്ഥനായി കൃഷി ഓഫീസറെയാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ ഹരിത ഭവനവുമായി ബന്ധപ്പെട്ടുള്ള കിണർ റീ ചാർജ്ജിംഗിന്റെ നിർവഹണം നിർബന്ധമായും കൃഷി ഓഫീസർ ആകണമെന്നും മറ്റുള്ള കിണർ റീ ചാർജ്ജിംഗിന്റെ നിർവഹണ ഉദ്യോഗസ്ഥനായി തദ്ദേശഭരണ സ്ഥാപനം നിശ്ചയിക്കുന്ന അനുയോജ്യരായ മറ്റു ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്താവു ന്നതാണെന്നും നിർദ്ദേശം നൽകുന്നു. ഇതു സംബന്ധിച്ച ഉത്തരവ്

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

### ഖണ്ഡിക3.7

ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ നെറ്റ് കണക്ഷൻ നൽകുന്നതിന് CSR ഫണ്ട് ലഭിക്കുന്നതടക്കമുള്ളതിന്റെ സാധ്യത പരിശോധിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ ഡയറക്ടർ റിപ്പോർട്ട് നൽകി

CSR ഫണ്ട് ഉപയോഗിച്ച് ടവർ നിർമ്മിക്കുന്നത് സംബന്ധിച്ച് വിവിധ കമ്പനികളുമായി ചർച്ച നടത്തിയെന്നും വോഡഫോൺ കമ്പനി ഫീസിബിലിറ്റി പഠനം നടത്തുന്നതിന് സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടെന്നും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ ഡയറക്ടറുടെ പ്രതിനിധി അറിയിച്ചു. കൂടാതെ 'എയർടെലി'ന്റെ നെറ്റ് കവറേജ് ഈ പ്രദേശങ്ങളിലുണ്ടെന്നും ടവർ സ്ഥാപിച്ചു നൽകിയാൽ സൗജന്യമായി കണക്ഷൻ നൽകാൻ തയ്യാറാണെന്നും ഐ.കെ.എം. ഡയറക്ടർ അറിയിച്ചു.

തീരുമാനം:- ഇതിന്റെ സാധ്യത പരിശോധിച്ച് ഇടുക്കി ജില്ലാ കളക്ടറുമായി ചേർന്ന് ആവശ്യമായ നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകാൻ പട്ടികവർഗ്ഗ വികസന ഡയറക്ടറേയും ഐ.കെ.എം. ഡയറക്ടറേയും ചുമതലപ്പെടുത്തി.

**നടപടി :-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2)ജില്ലാ കളക്ടർ, ഇടുക്കി**
**3)പട്ടികവർഗ്ഗ ഡയറക്ടർ**
**4) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.**

**ഖണ്ഡിക 4.1**

**അയ്മനം ഗ്രാമപഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.01.2019-ലെ കത്തും അയ്മനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 22.11.2018, 07.01.2019 എന്നീ തീയതികളിലെ കത്തും 14.11.2018-ലെ 4(1)ാം നമ്പർ ഭരണസമിതി തീരുമാനവും**

***പ്രോ.നം 235/19*** ***അടങ്കൽ 18,00,000/- രൂപ (തനത് ഫണ്ട്)***
***349/19(SCP)*** ***അടങ്കൽ 19,00,000/- രൂപ***
***(ബ്ലോക്ക് വിഹിതം 7,98,500/-***
***പഞ്ചായത്ത് വിഹിതം 11,01,500/- രൂപ )***

***പേര്:- സ്ഥലം വാങ്ങൽ***

പട്ടികജാതി വിഭാഗക്കാർക്കും പൊതു വിഭാഗത്തിനുമായി ഭവന നിർമ്മാണത്തിന് രണ്ട് പ്രോജക്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഗുണഭോക്തൃ കുടുംബങ്ങൾ 20 പേർ. ഇതിനായി 32 സെന്റ് സ്ഥലം വാങ്ങി 2 നില കെട്ടിടമാണ് പണിയാൻ ഉദ്ദേശിക്കുന്നത്. സ്ഥലം വാങ്ങി നൽകിയാൽ റോട്ടറിക്ലബ് വീട് സൗജന്യമായി പണിതു നൽകുമെന്ന് ധാരണയായിട്ടുണ്ട്. ഗുണഭോക്താക്കൾ ഭൂരഹിത-ഭവനരഹിത രായവർക്കുള്ള ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടവരാണ്. ഒരു കുടുംബത്തിന് 3 സെന്റ് സ്ഥലം എന്ന മാനദണ്ഡവും സ്ഥലത്തേയ്ക്കുള്ള വഴിയുടെ വീതി 5 മീറ്റർ എന്നതും ഒഴിവാക്കി നൽകാൻ അനുമതി സംബന്ധിച്ച്

തീരുമാനം :- ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**ഖണ്ഡിക 4.40**

**പുലാമന്തോൾ ഗ്രാമപഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.01.2019-ലെ കത്ത് ( SRG 30/19 CC 28/19)**

പുലാമന്തോൾ പഞ്ചായത്തിൽ 3-ാം വാർഡിൽ താമസക്കാരിയായ ശ്രീമതി. അയിഷ മൂസക്കുട്ടി, ചെമ്മല ഹൗസ് എന്നയാൾ ലൈഫ് ഭവന പദ്ധതി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. അപേക്ഷ നൽകിയപ്പോൾ ഇവർ സഹോദരന്റെ റേഷൻ കാർഡിലാണ് (നം.2053006144) ഉൾപ്പെട്ടിരുന്നത്. 21.06.2018-ൽ പുതിയ റേഷൻ കാർഡ് കിട്ടി (നം.2053132160) ഇവർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനുമതി നിരസിച്ചു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 3.പൊതു വിഷയങ്ങൾ

================

**3.1** കേരള വാട്ടർ അതോറിറ്റിക്ക് നൽകേണ്ട വെള്ളക്കര കുടിശ്ശിക വികസന ഫണ്ടിൽ നിന്ന് കുറവുചെയ്തിരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആവശ്യപ്രകാരം ഇത് ഗഡുക്കളായി പുനഃക്രമീകരിച്ചുകൊണ്ട് 16.02.2019ൽ ഉത്തരവായിട്ടുണ്ട്. ഇപ്രകാരം കുറവു ചെയ്ത തുക പദ്ധതി ചെലവിനായി ക്രമീകരിക്കുന്നതിനാവശ്യമായ നടപടി ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ സ്വീകരിക്കണം.

**നടപടി :- 1)തദ്ദേശസ്വയംഭരണ ( എഫ്.എം) വകുപ്പ്**
**2)എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**
**3)സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**

**3.2** ട്രഷറികളിൽ നിന്ന് ബിൽ മാറി ലഭിക്കാൻ താമസമുണ്ടായാലും എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ബില്ലുകൾ ട്രഷറിയിൽ കൃത്യമായി നൽകണം. എഞ്ചിനീയറിംഗ് പ്രവർത്തികളുടെ ബില്ലുകൾ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിക്കുന്നതിൽ കാലതാമസമുണ്ടാവുന്നു എന്ന് യോഗം വിലയിരുത്തി. ഇതിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ നടപടി സ്വീകരിക്കണം.

**നടപടി :- 1)തദ്ദേശസ്വയംഭരണ ( എഫ്.എം) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**
**3)നഗരകാര്യ ഡയറക്ടർ**
**4)ഗ്രാമവികസന കമ്മീഷണർ**
**5)തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ**

**3.3** ലൈഫ് പദ്ധതിപ്രകാരം വീട് വച്ചു നൽകുന്നതിന്റെ ഒന്നാം ഘട്ടം ഏതാണ്ട് പൂർത്തിയായി. ഭൂമിയുള്ള ഭവനരഹിതർക്ക് വീട് വച്ചു നൽകുന്ന രണ്ടാം ഘട്ടത്തിലാണ് ഇപ്പോൾ. ചില തദ്ദേശഭരണ സ്ഥാപനങ്ങൾ ഭൂമിയുള്ള ഭവന രഹിതർക്ക് വീട് വച്ചു നൽകുന്നതിന് മതിയായ തുക വകയിരുത്തിക്കഴിഞ്ഞും മിച്ചം തുകയുണ്ട്. ഇവർ ഭൂരഹിതരായവർക്ക് വീടു വച്ചു നൽകുന്ന മൂന്നാം ഘട്ടത്തിലേയ്ക്ക് കടക്കുകയാണ്. വീടിന്റെ യൂണിറ്റ് നിരക്ക് ലൈഫ് മിഷൻ നിശ്ചയിച്ചിട്ടുണ്ടെങ്കിലും സ്ഥലം വാങ്ങുന്നതിന് നിരക്ക് നിശ്ചയിച്ചിട്ടില്ല. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭൂമി വാങ്ങുന്നതിന് തൽക്കാലം പട്ടികജാതി വികസന വകുപ്പിലെ നിരക്കാണ് പ്രത്യേകമായി പരിഗണിച്ച് കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകുന്നത്. പൊതു വിഭാഗത്തിന് നിലവിൽ നിരക്കില്ല.

ഈ സാഹചര്യത്തിൽ പൊതു വിഭാഗം , പട്ടികജാതി വിഭാഗം , പട്ടികവർഗ്ഗ വിഭാഗം എന്നിവർക്ക് സ്ഥലം വാങ്ങുന്നതിനുള്ള യൂണിറ്റ് നിരക്ക് നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കാൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

3.4 14.02.2018-ലെ 22/2018/തസ്വഭവ ഉത്തരവ് പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ ഖണ്ഡിക 6.2.8 പ്രകാരം ഇൻഷ്വർ ചെയ്ത പശുക്കളുള്ള ''മറ്റ് ക്ഷീര കർഷകർക്ക്'' പാൽ ഉല്പാദനത്തിനാനുപാതികമായി വെറ്ററിനറി സർജന്റെ

സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ലിറ്ററിന് 4 രൂപാ നിരക്കിൽ ഒരു വർഷം പരമാവധി 15000/- രൂപ സബ്സിഡി നൽകാവുന്നതാണ്. ഇത് താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യാൻ തീരുമാനിച്ചു.

''മറ്റുള്ള ക്ഷീര കർഷകർ '' എന്നുള്ളത് ''ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തന മേഖലയിലല്ലാത്ത മറ്റുള്ള ക്ഷീര കർഷകർക്ക്'' പാൽ ഉല്പാദനത്തിനാനുപാതികമായി വെറ്ററിനറി സർജന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഒരു ലിറ്റർ പാലിന് 4 രൂപ നിരക്കിൽ ഒരു വർഷം പരമാവധി 15,000/- രൂപ വരെ നൽകാവുന്നതാണ്.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4. പ്രത്യേക വിഷയങ്ങൾ**

**====================**

**4.1 ചോറോട് ഗ്രാമപഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.01.2019 - ലെ കത്ത് (SRG 53/19 - CC - 553/18)**

***പ്രോ.നം 166/19*** ***അടങ്കൽ 6,00,000/- രൂപ (വികസനഫണ്ട്)***

***പേര്:- സുജലം - എൻ.സി. കനാൽ പുനരുദ്ധാരണം - ഇറിഗേഷൻ വകുപ്പിന് തുക ഡെപ്പോസിറ്റ് ചെയ്യൽ***

പഞ്ചായത്തിലെ എൻ.സി. കനാൽ (ചോറോട് നടയ്ക്ക താഴെ കനാൽ) ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതാണ്. ഇതിന്റെ അറ്റകുറ്റപ്പണി നടത്താൻ പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഇല്ലാത്തതിനാൽ ഈ പ്രോജക്ട് നടപ്പാക്കാൻ തുക ഇറിഗേഷൻ വകുപ്പിന് കൈമാറാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** ധനവകുപ്പിന്റെ കൂടി അനുമതി വാങ്ങണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.2താനാളൂർ ഗ്രാമപഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.01.2019-ലെ കത്ത് (SRG 59/19 CC 43/19)**

***പ്രോ.നം 242/19*** ***അടങ്കൽ 9,00,000/- രൂപ***

***പേര്:- പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്ക് വാട്ടർ ബോട്ടിൽ വാങ്ങി നൽകൽ.***

പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തിലെ സർക്കാർ എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 4 വരെ പഠിക്കുന്ന കുട്ടികൾക്ക് സ്റ്റീൽ വാട്ടർബോട്ടിൽ വാങ്ങി നൽകുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** കുട്ടികളുടെ എണ്ണം എത്രയെന്നു പരിശോധിച്ച് ബോട്ടിൽ വാങ്ങണം. ബോട്ടിൽ വാങ്ങുന്നതിന്റെ മാനദണ്ഡം കൃത്യമായി പാലിക്കണം.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.3 പള്ളിപ്പാട് ഗ്രാമപഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.01.2019-ലെ കത്ത് (SRG 66/19 CC-16/19)**

***പ്രോ.നം 75/19 അടങ്കൽ 20,68,000/- രൂപ (SCP)***

***പേര്:- ലൈഫ് - ഭൂരഹിതർക്ക് ഭൂമി വാങ്ങൽ***

ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭൂരഹിതരായ ഭവനരഹിതരായ ഗുണഭോക്താക്കൾക്ക് 5 സെന്റ് സ്ഥലത്തിന് 4,00,000/- രൂപ നിരക്കിൽ ഭൂമി വാങ്ങി നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** :- രണ്ടാം ഘട്ടത്തിലെ (ഭൂമിയുള്ള ഭവന രഹിതർ) ഗുണഭോക്താക്കൾക്ക് വീട് വച്ച നൽകുന്നതിന് മതിയായ തുക വകയിരുത്തിയിട്ടുണ്ട് എന്നുറപ്പാക്കണമെന്ന നിബന്ധനയോടെ പ്രത്യേക അനുമതി നൽകുന്നു. പട്ടികജാതി വികസന വകുപ്പിന്റെ നിരക്ക് പാലിക്കേണ്ടതാണ്

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.4 കായണ്ണ ഗ്രാമപഞ്ചായത്ത്

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.01.2019-ലെ കത്ത് ( SRG 67/19 CC - 37/19)**

***പ്രോ.നം 129/19 അടങ്കൽ 3,00,000/- രൂപ (റോഡ് മെയിന്റനൻസ് ഗ്രാന്റ്)***

***പേര്:- കായണ്ണ ബസാർ ലക്ഷം വീട് റോഡ് ടാറിംഗ്***

കായണ്ണ ബസാർ ലക്ഷംവീട് റോഡ് ഇറിഗേഷൻ വകുപ്പിന്റെ ആസ്തിയിൽപ്പെട്ടതാണ്. ഈ റോഡിന്റെ ടാറിംഗിനായി തുക ഇറിഗേഷൻ വകുപ്പിന് ഡെപ്പോസിറ്റ് ചെയ്യാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** :- ധനവകുപ്പിന്റെ അനുമതി കൂടി വാങ്ങണമെന്ന നിബന്ധനയോടെ പ്രത്യേക അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.5 കൂരാച്ചുണ്ട് ഗ്രാമ പഞ്ചായത്ത്

**കോഴിക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.01.2019-ലെ കത്ത് (SRG 68/19 CC17/19)**

***പ്രോ.നം 170/19 അടങ്കൽ 7,27,704/-- രൂപ (വികസനഫണ്ട് - 1,00,004/- CFC - 6,27,700/- രൂപ)***

ഹരിത കർമ്മസേന മുഖേന മാലിന്യം ശേഖരിക്കുന്നതിനും കളക്ഷൻ യൂണിറ്റിൽ എത്തിക്കുന്നതിനും പ്രത്യേകം രൂപകൽപ്പന ചെയ്ത വാഹനം വാങ്ങാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം** :- ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനമെടുക്കും.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**
**2) ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ**

## 4.6 ഉണ്ണികുളം ഗ്രാമപഞ്ചായത്ത്

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.01.2019-ലെ കത്ത് (SRG 70/19 CC - 767/19)**

*പ്രോ.നം.90/19* *അടങ്കൽ 3,73,625/- രൂപ (നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ്)*

***പേര് :- രണ്ടാം ക്ലാസ് "സ്മാർട്ട് ക്ലാസ് റൂം" ആക്കൽ***

സർക്കാർ സ്കൂളുകളോടൊപ്പം എയ്ഡഡ് സ്കൂളുകളിലും സ്മാർട്ട് ക്ലാസ് റൂം ആക്കാൻ അനുമതി സംബന്ധിച്ച് . ഡെസ്ക്ക്, ബഞ്ച്, ആൻഡ്രോയ്ഡ് ടി.വി, ടീച്ചേഴ്സ് ടേബിൾ എന്നിവയ്ക്കാണ് തുക വകയിരുത്തിയിരിക്കുന്നത്.

**തീരുമാനം** :- സർക്കാർ സ്കൂളിന് മാത്രമായി അനുമതി നൽകുന്നു. എയ്ഡഡ് സ്കൂളിന് നൽകാവുന്നതല്ല

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.7 നാദാപുരം ഗ്രാമപഞ്ചായത്ത്

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.01.2019-ലെ കത്ത് ( SRG 71/19 CC 35/19)**

*പ്രോ.നം. 41/19* *അടങ്കൽ 2,70,000/- രൂപ (വികസനഫണ്ട് (SCP) 2,43,000/- രൂപ ഗുണഭോക്തൃ വിഹിതം 27,000/- രൂപ)*

***പേര് :- പട്ടികജാതി കുടുംബങ്ങൾക്ക് സൗര റാന്തൽ***

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് സൗരറാന്തൽ വിതരണം ചെയ്യുന്നതിനുള്ള വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു നടപ്പാക്കാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം** :- പ്രത്യേക അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.8 കക്കോടി ഗ്രാമപഞ്ചായത്ത്

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.01.2019-ലെ കത്ത് (SRG82/19 CC/48/19)**

*പ്രോ.നം 250/19* *അടങ്കൽ 9,00,000/- രൂപ (വികസന ഫണ്ട്)*

***പേര്:- പകൽവീട് സൗകര്യം ഒരുക്കൽ***

2017-18-ലെ ഈ പ്രോജക്ട് സ്പിൽ ഓവറായി ഈ വർഷം തുടരുന്നു. ഉപയോഗ ശൂന്യമായി കിടക്കുന്ന പഞ്ചായത്ത് നഴ്സറി കെട്ടിടം അറ്റകുറ്റപ്പണി നടത്തി പകൽ വീടാക്കാനാണ് ഉദ്ദേശിക്കുന്നത്. കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി, ഇന്റർ ലോക്കിംഗ്, ശുചിമുറി സൗകര്യം തുടങ്ങിയ നിർമ്മാണമാണ് പ്രധാന പ്രവൃത്തി. ഇതിന്റെ നിർവഹണ ഉദ്യോഗസ്ഥൻ പഞ്ചായത്ത് സെക്രട്ടറിയാണ്. സ്പിൽ ഓവർ ആയതിനാൽ ഈ പ്രോജക്ട് സെക്രട്ടറി നേരിട്ട് നിർവഹണം നടത്തുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം** :- അനുമതി നിരസിച്ചു. നിർമ്മാണ പ്രവൃത്തി ആയതിനാൽ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന നടപ്പാക്കണം.

**നടപടി :- തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

4.9 വരവൂർ ഗ്രാമപഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.01.2019-ലെ കത്തും പഞ്ചായത്ത് ഭരണസമിതിയുടെ 15.12.2018-ലെ 3(1)/18-ാം നമ്പർ തീരുമാനവും (SRG 84/19 CC/757/18 )**

*പ്രോ.നം 121/19 അടങ്കൽ 22,60,000/- രൂപ (SCP)*

*പേര് - ലൈഫ് പദ്ധതി - സ്ഥലം വാങ്ങൽ*

2017-18-ൽ ലൈഫ് പദ്ധതി പ്രകാരം ഭൂരഹിത ഭവന രഹിതർക്ക് സ്ഥലം വാങ്ങി നൽകാൻ പ്രോജക്ട് തയ്യാറാക്കിയിരുന്നു, ഈ വർഷം മാറ്റമില്ലാത്ത സ്പിൽ ഓവറായി (കാറ്റഗറി 1) തുടരുന്നുണ്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** കാറ്റഗറി 1 സ്പിൽ ഓവറിന് അധിക തുക നൽകുകയില്ല.. ഈ സാഹചര്യത്തിൽ ഈ പ്രോജക്ട് നടപ്പാക്കേണ്ടതില്ലെന്ന് നിർദ്ദേശിക്കുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.10 വരവൂർ ഗ്രാമപഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.01.2019-ലെ കത്തും പഞ്ചായത്ത് ഭരണസമിതിയുടെ 15.12.2018-ലെ 3(2)/18-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 85/19 CC/758/19 )**

*പ്രോ.നം 122/19 അടങ്കൽ 13,53,209/- രൂപ (വികസനഫണ്ട് 9,81,209/- CFC - 3,72,000/- രൂപ)*

*പേര് - ലൈഫ് പദ്ധതി - സ്ഥലം വാങ്ങൽ*

ലൈഫ് മിഷൻ പദ്ധതിയിൽ ഭൂരഹിത ഭവനരഹിതർക്ക് (ജനറൽ) സ്ഥലം വാങ്ങുന്നതിന് 2017-18-ൽ പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. ഈ വർഷം സ്പിൽ ഓവറായി തുടരുന്നു. കാറ്റഗറി 1 സ്പിൽ ഓവറായ ഈ പ്രോജക്ട് ഭേദഗതി ചെയ്ത് ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മിച്ച് നൽകാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** കാറ്റഗറി 1 സ്പിൽ ഓവറിന് അധിക വിഹിതം നൽകുകയില്ല. അതിനാൽ അനുമതി നിരസിക്കുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.11 വിളക്കുടി ഗ്രാമപഞ്ചായത്ത്

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.01.2019-ലെ കത്തും 05.01.2019-ലെ 1(3)-ാം നമ്പർ ഭരണസമിതി തീരുമാനവും( SRG 90/19 CC 71/19)**

*പ്രോ.നം 240/19 അടങ്കൽ - 15,00,000/- രൂപ*

*പേര്:- ആശ്രയ ഭവന പദ്ധതി*

പഞ്ചായത്തിൽ 6 ആശ്രയ ഗുണഭോക്താക്കൾക്ക് വീട് നിർമ്മിച്ച് നൽകാൻ 15,00,000/- രൂപ വകയിരുത്തിയുള്ള സ്പിൽ ഓവർ പ്രോജക്ട് ഈ വർഷം തുടരുന്നുണ്ട്.

ഒരാൾക്ക് 2,50,000/- രൂപ. ഇത് ലൈഫ് നിരക്കായ 4.00 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.12 ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.01.2019-ലെ കത്ത് ( SRG 92/19- CC 83/19)**

ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവരായ ഭവന രഹിതർക്ക് വീട് നിർമ്മിച്ചു നൽകാനായി പ്രോജക്ട് തയ്യാറാക്കാൻ അനുമതി സംബന്ധിച്ച്. ഗ്രാമപഞ്ചായത്ത് 2.00 ലക്ഷം, ഗുണഭോക്താവ് 1.00 ലക്ഷം, സംഭാവന 1.00 ലക്ഷം എന്നീ നിരക്കിൽ തുക കണ്ടെത്തുന്നു.

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.13 പറക്കോട് ബ്ലോക്ക് പഞ്ചായത്ത്**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.01.2019-ലെ കത്ത് ( SRG 97/19 - CC 90/19)**

***പ്രോ.നം 112/19 അടങ്കൽ 5,00,000/- രൂപ***

***പേര് - പൂതങ്കര GPM UPS ന് സ്മാർട്ട് ക്ലാസ്സ് റൂം***

പൂതങ്കര GPM UPS-ന് ( എയ്ഡഡ് സ്കൂൾ) സ്മാർട്ട് ക്ലാസ്സ് റൂം പണിതു നൽകുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ എല്ലാ സർക്കാർ പ്രൈമറി സ്കൂളുകളിലും സ്മാർട്ട് ക്ലാസ് റൂം പണിതു എന്ന് ബന്ധപ്പെട്ട AEO/DEO സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.14 വാഴൂർ ഗ്രാമപഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.01.2019-ലെ കത്തും വാഴൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16.01.2019-ലെ 1(1)-ാം നമ്പർ തീരുമാനവും (SRG 101/19/CC/51/19)**

***പ്രോ.നം 230/19 അടങ്കൽ 3,65,000/- രൂപ***

***(CFC - 2,65,000/- രൂപ)***

***നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് 1,00,000/- രൂപ)***

***പേര് - ആർദ്രം മിഷൻ രണ്ടാം ഘട്ടം വാഴൂർ FHC യിൽ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തൽ***

നാഷണൽ ഹെൽത്ത് മിഷന്റെ കൂടി സഹായത്തോടെ പഞ്ചായത്തിൽ കുടുംബാരോഗ്യ കേന്ദ്രം പണിയുന്നുണ്ട്. നിർമ്മാണം നടത്തുന്നത് NHM ആണ്. കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.07.2017-ലെ തീരുമാനപ്രകാരം (ഖണ്ഡിക 3.16) നാഷണൽ ഹെൽത്ത് മിഷൻ പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് NHM ന് തുക കൈമാറാൻ അനുമതി നൽകിയിരുന്നു. ഇതനുസരിച്ച് ഒന്നാം ഘട്ടത്തിന്റെ

നിർമ്മാണം പൂർത്തിയായപ്പോൾ തുക കൈമാറി. രണ്ടാം ഘട്ടത്തിന്റെ പ്രവർത്തിക്കായി 3,65,000/ രൂപയുടെ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. NHMആവശ്യപ്പെട്ടതനുസരിച്ച് ഈ തുക മുൻകൂറായി നൽകാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** ധനവകുപ്പിന്റെ അനുമതി കൂടി വാങ്ങണമെന്ന നിബന്ധനയോടു കൂടി അംഗീകാരം നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.15 കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത്**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.01.2019-ലെ Plg./1425/2019-20/DPC/DPO/തിരു. CC കത്തും കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റിന്റെ 21.12.2018-ലെ Bp3/1844/18-ാം നമ്പർ കത്തും.**

ബ്ലോക്ക് പഞ്ചായത്തിന് ഒരു കൊയ്ത്ത് മെതിയന്ത്രം (കമ്പയിൻഡ് ഹാർവെസ്റ്റർ) വാങ്ങാൻ പ്രോജക്ട് തയ്യാറാക്കൽ സംബന്ധിച്ച്

**തീരുമാനം :-** പരിഗണിച്ചില്ല.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.16കാരശ്ശേരി ഗ്രാമപഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.01.2019-ലെ കത്ത് (SRG 110/19 - CC/765/18)**

***പ്രോ.നം 390/19 അടങ്കൽ 2,56,000/- രൂപ (പൊതുവിഭാഗം)***

***പേര് - 8-ാം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം.***

2017-2018-ൽ സർക്കാർ അനുമതിയോടെ സൈക്കിൾ വിതരണം എന്ന പ്രോജക്ട് പഞ്ചായത്തിൽ നടപ്പാക്കി. ഗുണഭോക്താക്കളായി 265 പേർ ഉണ്ടായിരുന്നു. 200 പേർക്ക് നൽകി. അർഹതയുള്ള ബാക്കി 65 പേർക്കു കൂടി സൈക്കിൾ നൽകാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** പ്രത്യേക അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.17സ്റ്റോർ പർച്ചേസ് (B) വകുപ്പിന്റെ 04.10.2018-nz SPD - B3/52/2018/SPD നമ്പർ കുറിപ്പ് (LSGD DA1/502/2018/LSGD)**

11.06.2018-ലെ 1581/2018/തസ്വഭവ നമ്പർ ഉത്തരവു പ്രകാരം കെൽട്രോണിൽ നിന്ന് ശ്രവണ സഹായികൾ, എൽ.ഇ.ഡി. ലൈറ്റുകൾ എന്നിവ തദ്ദേശഭരണ സ്ഥാപന ങ്ങൾക്ക് ടെണ്ടർ കൂടാതെ വാങ്ങാൻ അനുമതി നൽകിയിരുന്നു. സ്റ്റോർ പർച്ചേസ് വകുപ്പിന്റെ അനുമതി കൂടാതെ ഉത്തരവിറക്കിയത് പരിശോധിക്കണമെന്നും ഭാവിയിൽ ഇത്തരം ഇളവുകൾ അനുവദിക്കുന്നതിനു മുമ്പ് സ്റ്റോർ പർച്ചേസ് വകുപ്പിന്റെ അനുവാദം വാങ്ങണമെന്നുമു സംബന്ധിച്ച്

**തീരുമാനം :-** സ്റ്റോർ പർച്ചേസ് വകുപ്പിലെ ഉദ്യോഗസ്ഥർ യോഗത്തിൽ ഹാജരായില്ല. അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കാൻ തീരുമാനിച്ചു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

### 4.18 വയലാർ ഗ്രാമപഞ്ചായത്ത്

**വയലാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 13.02.2019-ലെ C 8- 2041/14-ാം നമ്പർ കത്ത് (SRG 234/19 CC /199/19)**

***പ്രോ.നം 168/19 അടങ്കൽ 4,27,572/- രൂപ (തനത് ഫണ്ട്)***

***പേര് -വയലാർ ഗവ. ഐ.റ്റി.ഐയ്ക്ക് വാടക നൽകൽ***

വയലാർ ഗവ. ഐ.റ്റി.ഐ - കളവംകോടം സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്ക് വക വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിന്റെ വാടക ഗ്രാമപഞ്ചായത്താണ് മുൻ വർഷങ്ങളിൽ നൽകിയിരുന്നത്. പി.ഡബ്ല്യു.ഡി. ബിൽഡിംഗ് ഡിവിഷൻ നിശ്ചയിച്ച പ്രകാരം പ്രതിമാസ വാടക 35,631/- രൂപ . ഈ വർഷവും വാടക നൽകാൻ തനത് ഫണ്ടുപയോഗിച്ച് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പ്രത്യേക അനുമതി നൽകുന്നു

**നടപടി :- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

### 4.19 കേരള സംസ്ഥാന പട്ടികജാതി - പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ മാനേജിംഗ് ഡയറക്ടറുടെ 20.10.2018-ലെ AP - 240/2017-ാം നമ്പർ കത്ത്.

മാർഗ്ഗരേഖ പ്രകാരം വകുപ്പിൽ പ്രാബല്യത്തിലുള്ള നിരക്കിൽ ആയുർവേദ മരുന്നുകൾ ആയൂർധാരയിൽ നിന്നും വാങ്ങാൻ അനുമതിയുണ്ട്. ആയുർധാരയിൽ ഉത്പാദിപ്പിക്കുന്ന ആയുർവേദ ഉല്പന്നങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ സർക്കുലർ അനുസരിച്ച് ഔഷധിയിലെ നിരക്കിനനുസരിച്ചാണ് നൽകുന്നത്. ഇതുപ്രകാരം ശരാശരി 30 ശതമാനം കുറച്ചാണ് വില നൽകുന്നത്. കഴിഞ്ഞ വർഷം 32,34,360/- രൂപ ഡിസ്കൗണ്ട് നൽകേണ്ടി വന്നു. ഔഷധിക്ക് ആരോഗ്യ വകുപ്പ് ഗ്രാന്റ് നൽകുന്നുണ്ടെന്നും അതിനാൽ ഈ ഡിസ്കൗണ്ട് തുക അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ ആയുർധാരയ്ക്ക് നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ തുക നൽകണമെന്ന ആവശ്യം നിരസിച്ചു. എന്നാൽ പട്ടികജാതി , പട്ടികവർഗ്ഗ വികസന വകുപ്പ് ഈ തുകയ്ക്ക് തുല്യമായ ഗ്രാന്റ് നൽകുന്നത് പരിഗണിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) പട്ടികവർഗ്ഗ വികസന ഡയറക്ടർ**
**2)പട്ടികജാതി വികസന ഡയറക്ടർ**

### 4.20 വയനാട് ജില്ലാ കളക്ടറുടെ 04.02.2019 -ലെ 1/18/DPC/DPO/wayanad (1)-ാം നമ്പർ കത്ത്

താഴെപറയുന്നവർക്ക് DDO കോഡ് അനുവദിക്കണമെന്നതു സംബന്ധിച്ച്

| ക്രമ നം | തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് | നിർവഹണ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 1 | എടവക ഗ്രാമപഞ്ചായത്ത് | ഹെഡ് മാസ്റ്റർ, GLPS, പള്ളിക്കൽ |
| 2 | മീനങ്ങാടി ഗ്രാമപഞ്ചായത്ത് | ഹെഡ് മാസ്റ്റർ, GLPS, അപ്പാട് |
| 3 | സുൽത്താൻ ബത്തേരി | ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ |

| | മുനിസിപ്പാലിറ്റി | സുൽത്താൻ ബത്തേരി |
|---|---|---|

**തീരുമാനം :-** 1) സാമ്പത്തിക വർഷാവസാനം പുതിയ DDO കോഡ് നൽകുന്നതിനു താമസമെടുക്കും എന്നതിനാൽ മുൻ വർഷങ്ങളിൽ ചെയ്ത രീതിയിലോ പഞ്ചായത്തു സെക്രട്ടറി മുഖേന പ്രോജക്ട് നടപ്പാക്കണം.

2) DDO കോഡ് അനുവദിക്കുന്ന വിഷയം അടുത്ത വർഷം പഞ്ചായത്തു ഡയറക്ടർ മുഖേന ധനവകുപ്പിന് നൽകണം.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.21 തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.01.2019-ലെ കത്ത് ( SRG 123/19 - CC 96/19)**

***പ്രോ.നം 70/19*** ***അടങ്കൽ 4,41,200/- രൂപ (CFC)***

***പേര് -തുണി ബാഗ് വിതരണം***

പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നതിന്റെ ഭാഗമായി എല്ലാ വീട്ടുകളിലും തുണി ബാഗ് നൽകുന്നതിനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച് .

**തീരുമാനം :-** അനുമതി നിരസിച്ചു

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.22 തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.01.2019-ലെ കത്ത് ( SRG 124/19 - CC /95/19)**

***പ്രോ.നം 80/19*** ***അടങ്കൽ 80,000/- രൂപ***
***(TSP - 58,300/-***
***ഗുണഭോക്തൃ വിഹിതം - 21,700/- രൂപ )***

***പേര് :- സ്വയംതൊഴിൽ സംരംഭം (എസ്.റ്റി)***

പട്ടിക വർഗ്ഗ വിഭാഗത്തിൽ മരം വെട്ടുന്നത് ഉപജീവന മാർഗ്ഗമായി സ്വീകരിച്ചവർക്ക് മരം വെട്ടുന്നതിന് മെഷീൻ വാൾ വാങ്ങി നൽകുന്നതിന് അനുമതി സംബന്ധിച്ച് .

**തീരുമാനം :-** അനുമതി നൽകുന്നു. 100 ശതമാനം സബ്സിഡി നൽകുന്നത് പരിഗണിക്കണം

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.23 പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.01.2019-ലെ കത്തും പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 06.12.2018-ലെ A4-6727/18-ാം നമ്പർ കത്തും**

***(SRG 126/19 CC 198/19)***

***പ്രോ.നം 63/19*** ***അടങ്കൽ 20,01,000/- രൂപ***
***( CFC - 20,00,000/- രൂപ***

*തനത് ഫണ്ട് -1000/- രൂപ )*

***പേര് - LED ഗ്രാമം***

ഈ വർഷം തെരുവുവിളക്ക് KEL മുഖേനയാണ് സ്ഥാപിച്ചത്. ഇതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ധനവകുപ്പിന്റെ ഉത്തരവ് പ്രകാരം KEL അക്രഡിറ്റഡ് ഏജൻസിയല്ല. പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് മാത്രമാണ്. PMC പ്രകാരം മാനദണ്ഡം പാലിച്ചാണോ നടപ്പാക്കിയതെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പഞ്ചായത്തു ഡയറക്ടറെ ചുമതലപ്പെടുത്തി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാന മെടുക്കും.

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2)പഞ്ചായത്ത് ഡയറക്ടർ**

**4.24 കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിഗ് ഓഫീസറുടെ 29.01.2019-ലെ കത്തും കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 18.01.2019-ലെ 1(5) -ാം നമ്പർ ഭരണസമിതി തീരുമാനവും ( SRG /127/19 CC - 97/19)**

*പ്രോ.നം 42/19* *അടങ്കൽ 50,000/- രൂപ (വികസനഫണ്ട്)*

***പേര് - അക്ഷരലക്ഷം പദ്ധതി***

സാക്ഷരതാ പദ്ധതിയുടെ ഭാഗമായി നിരക്ഷരരെ കണ്ടെത്തുന്നതിനും സർവ്വേ നടത്തുന്നതിനും ഇതിന്റെ ഭാഗമായി ക്ലാസ്സ് എടുക്കുന്നതിനും പ്രോജക്ട് നടപ്പാക്കി. ഇതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഇതിന്മേൽ സാക്ഷരതാ മിഷൻ ഡയറക്ടറുടെ റിപ്പോർട്ട് സഹിതം സമർപ്പിക്കണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി :-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2)സാക്ഷരതാ മിഷൻ ഡയറക്ടർ**

**4.25 ചെല്ലാനം ഗ്രാമപഞ്ചായത്ത്**

**എറണാകുളം ജില്ലാ പ്ലാനിഗ് ഓഫീസറുടെ 30.01.2019-ലെ കത്ത് ( SRG /135/19 CC - 91/19)**

*പ്രോ.നം 75/19* *അടങ്കൽ 8,00,000/- രൂപ*
*(വികസനഫണ്ട് 2,00,000/- രൂപ*
*ബ്ലോക്ക് വിഹിതം 6,00,000/- )*

***പേര് - വിദ്യാർത്ഥികൾക്ക് പഠനമുറി ( SCP)***

വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചു നൽകുന്നതിനുള്ള ഗുണഭോക്തൃ ലിസ്റ്റിൽ സുരേഷ് പനത്തറ എന്നയാളുടെ മകൻ പ്രണൂബ് സുരേഷ് ഉൾപ്പെട്ടിട്ടുണ്ട്. ഈ വിദ്യാർത്ഥി പ്ലസ് 2 വിനു പഠിച്ചു തോറ്റുപോയി. ഇപ്പോൾ പ്രൈവറ്റായി പഠിക്കുന്നു.

ഒറ്റമുറി വീട്ടിൽ താമസിക്കുന്ന ഇയാൾക്ക് പഠനമുറി നിർമ്മിച്ച് നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.26 ചിറ്റാർ ഗ്രാമപഞ്ചായത്ത്**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.01.2019 -ലെ കത്ത് ( SRG 139/ CC/105/19)**

***പ്രോ.നം 42/19 അടങ്കൽ 1,50,000/- രൂപ***

***പേര് - പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ ( SCP)***

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം ചെയ്യുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** എത്ര കുട്ടികൾ, യൂണിറ്റ് ചെലവ് എന്നിവ സഹിതം സമർപ്പിക്കണം. പിന്നീട് പരിഗണിക്കും

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.27വടകര ബ്ലോക്ക് പഞ്ചായത്ത്**

**ഗ്രാമവികസന കമ്മീഷണറുടെ DP4/160/19/CRD നമ്പർ കത്തും വടകര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 29.10.2018-ലെ കത്തും (SRG 262/19)**

വടകര ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വയോജനങ്ങളുടെ ക്ഷേമത്തിനായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി 'മടിത്തട്ട്' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ കേന്ദ്രത്തിന്റെ മുന്നോട്ടുള്ള പ്രവർത്തനത്തിന് ബ്ലോക്ക് പഞ്ചായത്തിന്റേയും അഴിയൂർ, ഒഞ്ചിയം, ചോറോട്, ഏറാമല ഗ്രാമപഞ്ചായത്തിന്റെയും പദ്ധതി വിഹിതം ശേഖരിക്കാൻ ഉദ്ദേശിക്കുന്നു. 4 ഗ്രാമപഞ്ചായത്തിൽ നിന്ന് 45,90,000/- രൂപയും ബ്ലോക്ക് വിഹിതം 10,00,000/- രൂപയും നൽകാനാണ് ഉദ്ദേശിക്കുന്നത്. വൃദ്ധരുടെ ക്ഷേമത്തിനായി മാറ്റി വയ്ക്കേണ്ട പദ്ധതി വിഹിതത്തിന്റെ 5% തുകയിൽ നിന്നാണ് ഇത് കണ്ടെത്താൻ ലക്ഷ്യമിടുന്നത്. മുകളിൽ പറഞ്ഞ തദ്ദേശഭരണ സ്ഥാപനങ്ങൾ തുക നൽകാമെന്നറിയിച്ചിട്ടുണ്ട്. ഈ തുക സൊസൈറ്റിയുടെ 'മടിത്തട്ട്' എന്ന സ്ഥാപനത്തിന് കൈമാറാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഇതിന്റെ വിശദാംശം സഹിതം ഗ്രാമവികസന കമ്മീഷണർ സമർപ്പിക്കണം. അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കും.

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**2)ഗ്രാമ വികസന കമ്മീഷണർ**

4.28 തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.02.2019-ലെ Plg.220/18-19/DPC/DPO/തിരു.CC നമ്പർ കത്ത് പ്രകാരം മൂന്ന് ഗ്രാമപഞ്ചായത്തുകളുടെ വിഷയങ്ങൾ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകിയിരിക്കുന്നു.

(i) മടവൂർ ഗ്രാമപഞ്ചായത്ത്

***പ്രോ.നം. 171/19( സ്പിൽ ഓവർ)*** ***അടങ്കൽ 1,13,000/- രൂപ***

***പേര് - പുലിയൂർക്കോണം . ചാണയിൽകോണം റോഡ് സൈഡ് ബേ***

സ്പിൽ ഓവർ പ്രവൃത്തിയായ ഈ പ്രോജക്ടിന്റെ അടങ്കൽ 1,13,000/- രൂപയാണെങ്കിലും അധികമായി 28,800/ - രൂപയായി. ( ആകെ ബിൽ തുക 1,41,000/- രൂപ). ഈ തുക തനത് ഫണ്ടിൽ നിന്നു നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** പ്രോജക്ടിലെ അടങ്കൽ 1,13,000/- രൂപ ആയിരുന്നുവെങ്കിലും എസ്റ്റിമേറ്റ് 1,50,000/- രൂപ ആയിരുന്നു എന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ യോഗത്തിൽ അറിയിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക അനുമതി നൽകുന്നു. എസ്റ്റിമേറ്റനുസരിച്ച് പ്രോജക്ടിൽ അടങ്കൽ വകയിരുത്താത്തത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണെന്ന് യോഗം വിലയിരുത്തി.

**നടപടി :- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

(ii) മാണിക്കൽ ഗ്രാമപഞ്ചായത്ത്

***പ്രോ.നം. 21/18( സ്പിൽ ഓവർ)*** ***അടങ്കൽ 10,00,000/- രൂപ(CFC)***

***പേര് - ഉപയോഗശൂന്യമായ CFL മാറ്റി LED സ്ഥാപിക്കൽ***

2017-18-ലെ ഈ പ്രോജക്ടിന് 3,75,001/- രൂപ നൽകി. ബാക്കി തുക ( 6,24,999/-രൂപ) ഈ വർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ നൽകാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** ഈ വർഷം ഈ പ്രോജക്ട് സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഇതു വ്യക്തമാക്കി സമർപ്പിക്കുന്ന മുറയ്ക്ക് പിന്നീട് പരിഗണിക്കും.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

(iii) വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത്

***പ്രോ.നം. 128/19( സ്പിൽ ഓവർ)*** ***അടങ്കൽ 4,00,000/- രൂപ***

***പേര് - സമഗ്ര ഇൻഷ്വറൻസ് പദ്ധതി***

കന്നുകാലിയെ ഇൻഷ്വർ ചെയ്യുന്നതോടൊപ്പം കർഷകനേയും ഇൻഷ്വർ ചെയ്യുന്നതിനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച് .

**തീരുമാനം :-** ഇത്തരം പ്രോജക്ട് ക്ഷീര വികസന വകുപ്പ് മുഖേനയും നടപ്പാക്കുന്നുണ്ടെന്നും ഇതിന് അനുമതി നൽകാവുന്നതാണെന്നും യോഗത്തിൽ ഹാജരായിരുന്ന ക്ഷീര വികസന വകുപ്പ് ഡയറക്ടർ അറിയിച്ചതനുസരിച്ച് പ്രത്യേക അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.29 ആതിരപ്പള്ളി ഗ്രാമപഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.02.2019-ലെ കത്ത്. (SRG -217/19 - CC/169/19)**

***പ്രോ.നം. 105/19*** ***അടങ്കൽ 7,50,000/- രൂപ ( CFC)***

***പേര് - മയിലാടുംപാറ റോഡ് ടാറിംഗ്***

മയിലാടുംപാറ റോഡ് പ്രദേശം ടാറ്റാ കോഫി ലിമിറ്റഡിന്റെ അധീനതയിലാണ്. 2016-17, 2017-18 വർഷം ഈ റോഡിന്റെ നിർമ്മാണ പ്രവൃത്തി നടത്തിയത് കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെയാണ്. റോഡിന്റെ ബാക്കി ഭാഗം കൂടി ടാറിംഗ് നടത്തുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** റോഡ് പൊതുജനങ്ങളുടെ ആവശ്യത്തിന് തുറന്നു നൽകും എന്ന് കമ്പനി അധികൃതർ സമ്മതപത്രം നൽകണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.30 ഏലൂർ മുനിസിപ്പാലിറ്റി**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.01.2019-ലെ കത്ത് ( SRG 161/19 CC 74/19**

***പ്രോ.നം. 350/19*** ***അടങ്കൽ 12,00,000/-- രൂപ***
***(TSP വിഹിതം - 10,78,700/-***
***തനത് ഫണ്ട് - 1,21,300/-)***

***പേര് - ST വിഭാഗക്കാർക്ക് വീടുവയ്ക്കുന്നതിന് സ്ഥലം വാങ്ങൽ***

പട്ടികവർഗ്ഗ വിഭാഗത്തിലുള്ള രണ്ട് കുടുംബത്തിന് വീട് വയ്ക്കുന്നതിന് സ്ഥലം വാങ്ങാൻ 6.00 ലക്ഷം രൂപ വീതം ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്. കുറഞ്ഞത് 2 സെന്റ് സ്ഥലം വാങ്ങുമ്പോൾ 6.00 ലക്ഷം രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് കൈമാറാനാണ് പ്രോജക്റ്റിൽ ഉദ്ദേശിക്കുന്നത്.

**തീരുമാനം :-** പട്ടികവർഗ്ഗ വിഭാഗത്തിനു നിരക്ക് നിശ്ചയിച്ചിട്ടില്ലാത്തതിനാൽ പട്ടികജാതി വികസന വകുപ്പിന്റെ നിരക്ക് പാലിക്കേണ്ടതാണ്. പട്ടികവർഗ്ഗ വിഭാഗത്തിലെ ലൈഫ് രണ്ടാം ഘട്ടത്തിലെ (ഭൂമിയുള്ള ഭവന രഹിതർ) മുഴുവൻ ഗുണഭോക്താക്കൾക്കും വീട് നിർമ്മിച്ചു നൽകാൻ മതിയായ തുക മാറ്റിവച്ചിട്ടുണ്ടെന്ന് ഉറപ്പാക്കണമെന്ന നിബന്ധനയും പാലിക്കണം. അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.31 വൈക്കം ബ്ലോക്ക് പഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.02.2019-ലെ കത്ത് ( SRG 178/19 CC 54/19)**

***പ്രോ.നം. 92/19*** ***അടങ്കൽ 1,99,999/-- രൂപ***

***പേര് -കാലിത്തീറ്റ - മക്ക ചോളം ഗ്രീൻ ഫോഡർ***

പ്രളയ സമയത്ത് കന്നുകാലികളെ സംരക്ഷിക്കുന്നതിന് 250 കിലോഗ്രാം വീതമുള്ള 1000 ബാഗ് പച്ചപുല്ല്/സൈലേജ് ക്ഷീരസംഘങ്ങൾ മുഖേന ക്ഷീര കർഷകർക്ക് വിതരണം ചെയ്തു. അടിയന്തിരമായി ചെയ്ത പ്രവൃത്തി എന്ന നിലയിൽ ഇതിന്റെ തുക

തനത് ഫണ്ടിൽ നിന്ന് പുല്ലുവിതരണം ചെയ്ത ടി.വി പുരത്തെ ജീവൻ ഫാമിന് നൽകി. ഈ തുക റീക്ലപ്പ് ചെയ്യുന്നതിന് വികസനഫണ്ടുപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പ്രോജക്ട് നടപ്പാക്കിയതിന് സാധൂകരണം നൽകുന്നു. എന്നാൽ തുക തനത് ഫണ്ടിലേയ്ക്ക് റീക്ലപ്പ് ചെയ്യാവുന്നതല്ല

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.32 കാസറഗോഡ് ജില്ലാ പഞ്ചായത്ത്**

**കാസറഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.02.2019-ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 30.11.2018-ലെ യോഗ തീരുമാനവും (SRG 257/19, CC 216/19)**

***പ്രോ.നം. 461/19*** ***അടങ്കൽ 50,00,000/-- രൂപ (തനത് ഫണ്ട് )***

***പേര് - ജില്ലാ പഞ്ചായത്ത് ISO സർട്ടിഫിക്കേഷനും ആധുനിക വൽക്കരണവും***

ജില്ലാ പഞ്ചായത്ത് ISO സർട്ടിഫിക്കേഷനും ആധുനികവൽക്കരണവും എന്ന പ്രോജക്ടിന്റെ നിർവ്വഹണം നടത്തുന്നതിന് LSGD എഞ്ചിനീയറിംഗ് വിഭാഗത്തെയാണ് നിശ്ചയിച്ചിരുന്നത്. തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിന് ജോലിത്തിരക്കുള്ളതിനാൽ ഈ പ്രോജക്ടിന്റെ നിർവ്വഹണ ഏജൻസിയായി ജില്ലാ നിർമ്മിതികേന്ദ്രയെ ഏൽപ്പിക്കാനുള്ള അനുമതി 30.11.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി പരിഗണിച്ചിരുന്നു. പ്രോജക്ടിന്റെ വിശദാംശങ്ങൾ, ഘടകങ്ങൾ എന്നിവ സഹിതം സമർപ്പിക്കാൻ കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നു. വീണ്ടും സമർപ്പിച്ചുകൊണ്ട് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ISO സർട്ടിഫിക്കേഷനാവശ്യമായ പ്രത്യേക ഘടകങ്ങൾ ഉണ്ടോ എന്നതടക്കമുള്ള വിശദാംശങ്ങൾ സമർപ്പിക്കാനാണ് നിർദ്ദേശിച്ചിരുന്നത്. എന്നാൽ ഇവ സമർപ്പിച്ചിട്ടില്ല. ഇതു പരിഗണിച്ചില്ല.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.33 ചെന്നിത്തല ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.02.2019-ലെ കത്ത് (SRG 224/19 CC-140/19)**

***പ്രോ.നം. 159/19*** ***അടങ്കൽ - 5,00,000/-രൂപ (വികസനഫണ്ട്***

***പേര് - മിനി ആംബുലൻസ് ( പാലിയേറ്റീവ്)***

മാരുതി ഓമ് നി ആംബുലൻസ് വാങ്ങുന്നതിന് കോഓർഡിനേഷൻ കമ്മിറ്റി പ്രത്യേക അനുമതി നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ മുകളിൽ പറഞ്ഞ പ്രോജക്ട് തയ്യാറാക്കുകയും ചെയ്തു. മാരുതി ഓമ്നി വാനിന്റെ നിർമ്മാണം നിർത്തിയതിനാൽ 8.00 ലക്ഷം രൂപയുടെ ആംബുലൻസ് വാങ്ങാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പ്രത്യേക അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.34 മുത്തോലി ഗ്രാമപഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.02.2019 തീയതിയിലെ കത്തും മുത്തോലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 12.02.2019-ലെ A2 - 07/19-ാം നമ്പർ കത്തും 12.02.2019-ലെ 1(2)-ാം നമ്പർ ഭരണസമിതി തീരുമാനവും ( SRG/264/19 - CC/170/19)**

***പ്രോ.നം. 134/19 അടങ്കൽ 1,19,200/- രൂപ(വികസനഫണ്ട്)***

***പേര് - മാലിന്യ ശേഖരണ ബിൻ വിതരണം***

മാലിന്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി വീടുകളിൽ മാലിന്യ ശേഖരണ ബിൻ വിതരണത്തിന് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇത് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പ്രത്യേക അനുമതി നൽകുന്നു

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.35 ഇളംദേശം ബ്ലോക്ക് പഞ്ചായത്ത്**

**ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 15.02.2019-ലെ കത്തും ഇടുക്കി ക്ഷീര വികസന ഡെപ്യൂട്ടി ഡയറക്ടറുടെ 29.12.2018-ലെ D4398/18-ാം നമ്പർ കത്തും (SRG 259/19)**

***പ്രോ.നം. 148/19 (വനിത) അടങ്കൽ 6,71,753/- രൂപ (വികസനഫണ്ട്)***
***പ്രോ.നം. 151/19 (വനിത) അടങ്കൽ 1,45,100/- രൂപ (SCP)***
***പ്രോ.നം. 149/19 (വനിത) അടങ്കൽ 5,36,394/- രൂപ (TSP)***
***പേര് - ക്ഷീര സാന്ത്വനം സമഗ്ര ഇൻഷ്വറൻസ് പദ്ധതി ( 3 എണ്ണം)***

ക്ഷീര കർഷകരുടെ പശുക്കളെ ഇൻഷ്വർ ചെയ്യുന്നതോടൊപ്പം കുടുംബത്തേയും ഇൻഷ്വർ ചെയ്യുന്നതിനുള്ള പ്രോജക്ട്. ഇത് നടപ്പാക്കാൻ പ്രത്യേക അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഇത്തരം പ്രോജക്ട് ക്ഷീര വികസന വകുപ്പ് മുഖേനയും നടപ്പാക്കുന്നുണ്ടെന്നും ഇതിന് അനുമതി നൽകാവുന്നതാണെന്നും യോഗത്തിൽ ഹാജരായിരുന്ന ക്ഷീര വികസന വകുപ്പ് ഡയറക്ടർ അറിയിച്ചതനുസരിച്ച് പ്രത്യേക അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.36 വളവന്നൂർ ഗ്രാമപഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.02.2019-ലെ കത്ത് (SRG 231/19 CC 748/19)**

***പ്രോ.നം. 190/19 അടങ്കൽ 1,92,461/- രൂപ (വികസനഫണ്ട്)***
***പേര് - പഞ്ചായത്ത് ഓഫീസിലേയ്ക്ക് ഫർണിച്ചർ വാങ്ങൽ***

2017-18-ലെ ഈ പ്രോജക്ട് ഈ വർഷം സ്പിൽ ഓവറായി ( കാറ്റഗറി 2) പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ടിൽ ടെണ്ടർ മുഖേന രണ്ടു മേശയും 464 കസേരകളും വാങ്ങാനാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ SIDCO മുഖേന ടെണ്ടർ കൂടാതെ താഴെപ്പറയുന്ന പ്രവൃത്തിയാണ് നടത്തിയത്.

1) ജിപ്സംസീലിംഗ്

2) പ്ലൈവുഡ് ഡോർ

3) വെർട്ടിക്കൽ ബ്ലൈൻഡ് കർട്ടൻ

4) ട്രോഫി ഷോക്കേസ്

ഇതിന്റെ ബിൽ തുകയായ 1,92,461/- രൂപ SIDCO യ്ക്ക് നൽകാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** കാറ്റഗറി 2 സ്പിൽ ഓവർ ഭേദഗതി ചെയ്യുകയോ ഉപേക്ഷിച്ച് പുതിയ പ്രോജക്ട് എടുക്കുകയോ ചെയ്യുന്നതിന് തടസ്സമില്ല എന്നിരിക്കെ പ്രോജക്ടിൽ പറയാത്ത പ്രവൃത്തി നടത്തിയത് ഗുരുതരമായ വീഴ്ചയാണെന്ന് യോഗം വിലയിരുത്തി. ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറേയും സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറെയും ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) കേരള സ്റ്റേറ്റ് ഓഡിറ്റ്ഡയറക്ടർ**
**3) സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ**

**4.37 തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.01.2019-ലെ കത്ത് (SRG 144/19 - CC 796/19)**

***പ്രോ.നം. 61/19*** ***അടങ്കൽ 50,000/-രൂപ (TSP)***

***പേര് - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ***

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം നടത്താനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** തീര പ്രദേശമായതിനാൽ പ്രത്യേക അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.38 തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.01.2019-ലെ കത്ത് (SRG 143/19 - CC 795/18)**

***പ്രോ.നം. 62/19*** ***അടങ്കൽ 1,10,000/-രൂപ (SCP)***

***പേര് - പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ***

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം നടത്താനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** തീരപ്രദേശമായതിനാൽ പ്രത്യേക അനുമതി നൽകുന്നു

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.39 കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.01.2019-ലെ കത്ത് (SRG 145/19 - CC 119/19)**

***പ്രോ.നം. 65/19 അടങ്കൽ 1,75,000/-രൂപ (SCP)***

***പേര് - പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ***

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണത്തിനുള്ള പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം :-** തീരപ്രദേശമായതിനാൽ പ്രത്യേക അനുമതി നൽകുന്നു

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.40 നെടുമുടി ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.01.2019-ലെ കത്ത് (SRG 146/19 - CC 82/19)**

***പ്രോ.നം. 35/19 അടങ്കൽ 50,000/-രൂപ (വികസനഫണ്ട്)***

***പേര് - വള്ളംകളി ക്ലബുകൾക്ക് ആവശ്യമായ തുഴച്ചിൽ ഉപകരണങ്ങൾ***

വള്ളംകളി ക്ലബുകൾക്ക് തുഴച്ചിൽ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** വികസനഫണ്ട് ഉപയോഗിക്കാവുന്നതല്ല. തനത്ഫണ്ട് ഉപയോഗിച്ച നടപ്പാക്കാൻ പ്രത്യേക അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**4.41 മുട്ടാർ ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.01.2019-ലെ കത്തും മുട്ടാർ ഗ്രാമപഞ്ചാത്ത് ഭരണസമിതിയുടെ 28.01.2019-ലെ 2-ാം നമ്പർ തീരുമാനവും (SRG 147/19 - CC 123/19)**

പ്രളയകാലത്ത് കുടിവെള്ളം വിതരണം ചെയ്യുന്നതിന് മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് (നോൺറോഡ്) 5,39,500/- രൂപ ചെലവഴിച്ചു. ഇതിന് സാധൂകരണം സംബന്ധിച്ച്.

**തീരുമാനം :-** ഇത് പഞ്ചായത്ത് ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും

**നടപടി :- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

2) പഞ്ചായത്ത് ഡയറക്ടർ

**4.42 കേരള സ്റ്റേറ്റ് മിൽക്ക് സൊസൈറ്റീസ് അസോസിയേഷൻ, ഇടുക്കി**

***കേരള സ്റ്റേറ്റ് മിൽക്ക് സൊസൈറ്റീസ് അസോസിയേഷൻ ഇടുക്കി ജില്ലാ കമ്മിറ്റി സെക്രട്ടറിയുടെ കത്ത് (ലഭിച്ചത് 15.02.2019)***

മാർഗ്ഗരേഖ പ്രകാരം ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്നവർക്ക് ഒരു ലിറ്ററിന് 4 രൂപാ നിരക്കിൽ ക്ഷീര കർഷകന്റെ അക്കൗണ്ടിലേയ്ക്ക് നൽകുന്നുണ്ട്. (ഖണ്ഡിക 6.2.8) ഇതു കൂടാതെ ഇൻഷ്വർ ചെയ്ത പശുക്കളുള്ള മറ്റു ക്ഷീര കർഷകർക്ക് (ക്ഷീര സംഘങ്ങളിൽ പാൽ അളക്കാത്തവർ) പാൽ ഉല്പാദനത്തിന് ആനുപാതികമായി വെറ്ററിനറി സർജന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മുകളിൽ പറഞ്ഞ നിരക്കിൽ ഒരു വർഷം 15000/- രൂപ വരെ കർഷകർക്ക് നൽകാം. ക്ഷീര സംഘങ്ങളുടെ പ്രവർത്തന മേഖലയിലില്ലാത്ത ക്ഷീര കർഷകർക്ക് മാത്രമായി ഇത് പരിമിതപ്പെടുത്തി ഭേദഗതി ചെയ്യണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** പൊതു തീരുമാനം ഖണ്ഡിക 3.4 ബാധകമാണ്.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.43 കിളിമാനൂർ ഗ്രാമപഞ്ചായത്ത്**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.01.2019-ലെ കത്ത് (SRG 151/19 - CC 740/18)**

***പ്രോ.നം. 12/19*** ***അടങ്കൽ 4,90,000/-രൂപ (CFC)***

***പേര് - തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി***

തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണിക്ക് 2018-19 ആദ്യം 3.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കുകയും ടെണ്ടർ നടപടി പൂർത്തിയാക്കി നിർവഹണം ആരംഭിക്കുകയും ചെയ്തു. ഈ തുക പര്യാപ്തമല്ലാതെ വന്നതിനാൽ പ്രോജക്ട് ഭേദഗതി ചെയ്ത് അടങ്കൽ 4.90 ലക്ഷം രൂപയാക്കി. എന്നാൽ പുതിയതായി ടെണ്ടർ ചെയ്യാതെ ഈ തുകയുടെ പ്രവൃത്തി പഴയ ടെണ്ടർ എടുത്ത ആളെക്കൊണ്ട് പൂർത്തിയാക്കി. ഇതിന് സാധൂകരണം നൽകി തുക നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്**

**4.44 അകലക്കുന്നം ഗ്രാമപഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.02.2019-ലെ കത്തും പഞ്ചായത്ത് പ്രസിഡന്റിന്റെ 30.01.2019-ലെ A2-105/16-ാം നമ്പർ കത്തും (SRG 153/19 - CC 124/19)**

പഞ്ചായത്തിലെ 12-ാം വാർഡിലെ മുഴൂർ വനിത വ്യവസായ കേന്ദ്രത്തിന്റെ പ്രവർത്തനം ഇപ്പോൾ ഇല്ലാത്തതിനാൽ കഴിഞ്ഞ 12 വർഷമായി ഇവിടെ

അംഗനവാടി പ്രവർത്തിച്ചു വരുന്നു. ഈ കെട്ടിടം അംഗനവാടികൾക്കായി വിട്ടുകൊടുത്ത് അടുത്ത വർഷം അടുക്കളയും മറ്റ് അനുബന്ധ സൗകര്യവും ഒരുക്കുന്നതിന് അനുമതി സംബന്ധിച്ച് .

**തീരുമാനം :-** അനുമതി നൽകുന്നു

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.45 കണ്ണൂർ ജില്ലാ പഞ്ചായത്ത്**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.02.2019-ലെ കത്തും കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 20.12.2018-ലെ കത്തും**

***പ്രോ.നം. 64/19*** ***അടങ്കൽ 6,00,000/-രൂപ***

***പേര് - കണ്ണൂർ ജില്ലാ ഹോമിയോ ആശുപത്രി സീതാലയം സ്ത്രീ സൗഹൃദ കേന്ദ്രം***

1) ജില്ലാ പഞ്ചായത്ത് ജില്ലാ ഹോമിയോ ആശുപത്രിയിൽ 2016-17, 2017-18 വർഷം നടപ്പാക്കിയ ''സീതാലയം'' പദ്ധതിയിൽ വാർഡൻ, ഓഫീസ് അറ്റൻറന്റ് , കുക്ക് കം ക്ലീനർ എന്നിവർക്ക് ഓണറേറിയവും സീതാലയത്തിൽ എത്തിച്ചേരുന്നവർക്ക് ഭക്ഷണവും നൽകി. ഇതിന്മേൽ ഓഡിറ്റ് കുറിപ്പ് എഴുതി. ഇതിന് സാധൂകരണം സംബന്ധിച്ച് .
2) 2018-19 ലും ഈ പദ്ധതി നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-**
1) ഓഡിറ്റ കുറിപ്പിന്മേൽ വകുപ്പുതലത്തിൽ തീരുമാനമെടുക്കണം
2) സീതാലയത്തിന്റെ പ്രവർത്തനം പഞ്ചായത്ത് ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ വർഷം ഇതു നടപ്പാക്കുന്നതിന് അനുമതി സംബന്ധിച്ച് പിന്നീട് പരിഗണിക്കും.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**

**4.46 കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത്**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.02.2019-ലെ കത്തും അനുബന്ധ റിപ്പോർട്ടും (SRG 158/19 - CC 31/19)**

***പ്രോ.നം. 94/19*** ***അടങ്കൽ 1,50,000/-രൂപ (തനതുഫണ്ട്)***

***പേര് - ഡയാലിസിസ് രോഗികൾക്ക് മരുന്നും അനുബന്ധ ഉപകരണങ്ങളും***

പഞ്ചായത്തിൽ ഡയാലിസിസ് ചെയ്യുന്ന രോഗികളിൽ അർഹരായവർക്ക് ആവശ്യമായ മരുന്നും ഡയാലിസിസ് കിറ്റും വാങ്ങി നൽകാനുള്ള പ്രോജക്റ്റിന് അനുമതി സംബന്ധിച്ച് .

**തീരുമാനം :-** അനുമതി നൽകുന്നു

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.47 വിളക്കുടി ഗ്രാമപഞ്ചായത്ത്**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.02.2019-ലെ കത്തും വിളക്കുടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 05.01.2019-ലെ 1(8)-ാം നമ്പർ തീരുമാനവും (SRG 160/19 - CC 126/19)**

***പ്രോ.നം. 64/19*** ***അടങ്കൽ 1,50,000/-രൂപ***

***പേര് - പഠനമുറി***

പഞ്ചായത്തിൽ ഒരു പട്ടികവർഗ്ഗ കുടുംബമേയുള്ളൂ. TSP വിഹിതമായി 1,42,000/- രൂപയുണ്ട്. ഇതുപയോഗിച്ച് ഈ കുടുംബത്തിന് പഠനമുറി നിർമ്മിക്കാൻ പ്രോജക്ട് തയ്യാറാക്കി. മാനദണ്ഡ പ്രകാരം 800.ച.അടി വിസ്തീർണ്ണമുള്ള വീടിനോട് ചേർന്നാണ് പഠനമുറി പണിയാവുന്നത്. മുകളിൽ പറഞ്ഞ കുടുംബത്തിന്റെ വീടിന് 1500 അടി വിസ്തീർണ്ണമുണ്ട്. പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** ഈ കുടുംബത്തിൽ എത്ര അംഗങ്ങൾ ഉണ്ട്, പഞ്ചായത്തിൽ മറ്റ് പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ടോ, മറ്റു പ്രോജക്ടുകൾക്ക് സാധ്യതയുണ്ടോ? ഇവ പരിശോധിച്ച് പട്ടികവർഗ്ഗ ഡയറക്ടർ റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) പട്ടികവർഗ്ഗ വികസന വകുപ്പ ഡയറക്ടർ**

**4.48 എരഞ്ഞോളി ഗ്രാമപഞ്ചായത്ത്**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.02.2019-ലെ കത്തും എരഞ്ഞോളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 16.01.2019-ലെ A3-4695/18-ാം നമ്പർ കത്തും (SRG 164/19 - CC 133/19)**

***പ്രോ.നം. 27/19*** ***അടങ്കൽ 14,19,150/-രൂപ***

***പേര് - എരഞ്ഞോളി ബഡ്സ് റിഹാബിലിറ്റേഷൻ ദൈനംദിന നടത്തിപ്പ്.***

എരഞ്ഞോളി ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനത്തിന് വർഷംതോറും 14.00 ലക്ഷം രൂപ വേണം. ഈ വർഷത്തെ പ്രോജ്ട് തയ്യാറാക്കിയിരിക്കുന്നത് ജില്ലാ പഞ്ചായത്തിന്റേയും (5.00 ലക്ഷം രൂപ) ബ്ലോക്ക് പഞ്ചായത്തിന്റേയും (1.50 ലക്ഷം രൂപ) വിഹിതം കൂടി ഉൾക്കൊള്ളിച്ചാണ്. മാർഗ്ഗരേഖ പ്രകാരം സെന്ററിന്റെ അടിസ്ഥാന വികസനത്തിനാണ് ജില്ലാ പഞ്ചായത്ത് വിഹിതം ഉപയോഗിക്കാവുന്നത്. ഈ നിബന്ധന ഒഴിവാക്കി സെന്ററിന്റെ എല്ലാത്തരം ദൈനംദിന പ്രവർത്തനത്തിനും ജില്ലാ/ബ്ലോക്ക വിഹിതവും ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു

**നടപടി :- തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

**4.49 കോട്ടയം മുനിസിപ്പാലിറ്റി**

**നഗരകാര്യ ഡയറക്ടറുടെ 13.12.2018-ലെ DC4/25232/18-ാം നമ്പർ കത്തും കോട്ടയം മുനിസിപ്പൽ സെക്രട്ടറിയുടെ 27.10.2018-ലെ G 13.23833/16(1)-ാം നമ്പർ കത്തും (LSGD - DB4/14/19-LSG)(SRG 175/19)**

മുനിസിപ്പാലിറ്റിയിൽ 2016-17-ൽ നടപ്പാക്കിയ 'കാരുണ്യം ഭവനം' എന്ന പദ്ധതിയിലെ ഗുണഭോക്താവായ ശ്രീമതി. അന്നമ്മ ദാനിയേൽ എന്ന ആൾ വീട് പൂർത്തീകരിച്ചപ്പോൾ വിസ്തീർണ്ണം 75.47 ച.മീറ്ററായി അനുവദനീയമായ വിസ്തീർണ്ണം 66 ച.മീറ്ററാണ്. ഈ ഗുണഭോക്താവിന് അവസാന ഗഡു (20,000/- രൂപ) നൽകാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** പ്രത്യേക അനുമതി നൽകുന്നു

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.50 കായണ്ണ ഗ്രാമപഞ്ചായത്ത്**

**കായണ്ണ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 20.07.2018-ലെ കത്ത് (LSGD - DB1/499/18/LSGD) (SRG 176/19)**

ലൈഫ് ഭവന പദ്ധതി പ്രകാരം പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് 18,34,130/- രൂപ കൂടി (SCP) അധികമായി വേണം. ഈ തുക അനുവദിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഇത് കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കാവുന്നതല്ല എന്ന് യോഗം വിലയിരുത്തി. പട്ടികജാതി വികസന വകുപ്പിന് തുകയുണ്ടെങ്കിൽ നൽകുന്നത് പരിഗണിക്കാൻ ശുപാർശ ചെയ്യുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.51 പുതുപ്പാടി ഗ്രാമപഞ്ചായത്ത്**

**പുതുപ്പാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21.06.2018-ലെ A2-1236/17-ാം നമ്പർ കത്തും 24.05.2018-ലെ 24(3)/18-ാം നമ്പർ ഭരണസമിതി തീരുമാനവും (LSGD - DB1/445/2018/LSGD) (SRG 174/19)**

25 സെന്ററിലധികം ഭൂമിയുള്ളവരെ ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ നിന്നൊഴിവാക്കിയിട്ടുണ്ട്. വനാതിർത്തിയിലുള്ള പഞ്ചായത്തായതിനാൽ ഈ പരിധി ഒരേക്കർ ആക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ആവശ്യം നിരസിച്ചു

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.52 ആരോഗ്യവകുപ്പ്

**NHM സ്റ്റേറ്റ് മിഷൻ ഡയറക്ടർ 25.02.2018-ലെ NHM/5439/CSD/2018/SPMSU നമ്പർ കത്ത്**

**പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ പരിഷ്കരിക്കുന്നത് സംബന്ധിച്ച് - 29.10.2015-ലെ GO(Rt)3217/15/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗരേഖ പരിഷ്കരിക്കണമെന്ന നിർദ്ദേശം NHM സ്റ്റേറ്റ് മിഷൻ ഡയറക്ടർ നൽകിയിട്ടുണ്ട്.**

കേരള സർക്കാർ 2008 -ൽ പ്രഖ്യാപിച്ച പാലിയേറ്റീവ് നയത്തിന് അനുസൃതമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ നടപ്പാക്കേണ്ട പ്രവർത്തനങ്ങളെ സംബന്ധിക്കുന്ന മാർഗ്ഗരേഖ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 2009-ൽ പുറപ്പെടുവിക്കുകയും തുടർന്ന് 2012, 2015 വർഷങ്ങളിൽ അവ പരിഷ്കരിക്കുകയും ചെയ്തിരുന്നു. പ്രാഥമിക പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ പ്രാഥമികോരാഗ്യ കേന്ദ്രങ്ങൾ വഴിയും വിദഗ്ധ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ഉയർന്ന തലങ്ങളിലെ ആശുപത്രികൾ വഴിയുമാണ് നടത്തുന്നത്. ആരോഗ്യ വകുപ്പ്, വിദഗ്ധ പാലിയേറ്റീവ് പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ഇപ്പോൾ പരിഷ്കരിച്ചിട്ടുണ്ട്. ഇതിനനുസൃതമായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ മാർഗ്ഗരേഖയിൽ ചില പരിഷ്കരണങ്ങൾ ആവശ്യമായി വന്നിട്ടുണ്ട്. ഇതോടൊപ്പം മാർഗ്ഗരേഖയിൽ ചില കൂട്ടിച്ചേർക്കലുകളും വരുത്തേണ്ടതുണ്ട്. ഇപ്രകാരം പുതിയ മാർഗ്ഗരേഖ NHM സ്റ്റേറ്റ് മിഷൻ ഡയറക്ടർ യോഗത്തിൽ അവതരിപ്പിച്ചു.

**തീരുമാനം :-** ഇത യോഗം അംഗീകരിച്ചു. ഇതിന്മേൽ ഉത്തരവിറക്കാൻ തീരുമാനിച്ചു. ഇത് 01.04.2019 മുതൽ പ്രാബല്യത്തിൽ വരുത്തിയാൽ മതിയെന്ന് നിർദ്ദേശിക്കുന്നു.

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.53 കരുണാപുരം ഗ്രാമപഞ്ചായത്ത്

**കരുണാപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 01.02.2019 ലെ A2/601/19-ാം നമ്പർ കത്തും 21.01.19 ലെ 1(2)-ാം നമ്പർ കത്തും. (LSGD-DA2/89/19-LSGD) (SRG265/19)**

താഴെപറയുന്ന പ്രോജക്ടുകൾ ഗുണഭോക്തൃസമിതിമുഖേന നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

| നം. | പ്രോജക്റ്റ് നമ്പർ | പേര് | അടങ്കൽ |
|---|---|---|---|
| 1 | 129/19 | തുക്കുപാലം കുടിവെള്ള പദ്ധതി | 5,00,000/- രൂപ (CFC 2,90,000/- രൂപ MGNREGS 2,10,000/-) |
| 2 | 130/19 | പ്രകാശ്ഗ്രാം കുടിവെള്ള പദ്ധതി | 5,00,000/- രൂപ (CFC 2,90,000/- രൂപ MGNREGS 2,10,000/-) |

| | | | |
|---|---|---|---|
| 3 | 131/19 | ചോറ്റുപാറ കുടിവെള്ള പദ്ധതി | 5,00,000/- രൂപ (CFC 2,90,000/- രൂപ MGNREGS 2,10,000/-) |
| 4 | 133/19 | രാമക്കൽമേട് കുടിവെള്ള പദ്ധതി | 5,00,000/- രൂപ (CFC 2,90,000/- രൂപ MGNREGS 2,10,000/-) |
| 5 | 134/19 | കുരുവിക്കാനം കുടിവെള്ളപദ്ധതി | 5,00,000/- രൂപ (CFC 2,90,000/- രൂപ MGNREGS 2,10,000/-) |
| 6 | 137/19 | ചെന്നാക്കുളം കുടിവെള്ള പദ്ധതി | 5,00,000/- രൂപ (CFC 2,90,000/- രൂപ MGNREGS 2,10,000/-) |
| 7 | 145/19 | കുട്ടാർ കുടിവെള്ള പദ്ധതി | 5,00,000/- രൂപ (CFC 2,90,000/- രൂപ MGNREGS 2,10,000/-) |

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

### 4.54 പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.02.2018-ലെ കത്തും പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 01.02.2019-ലെ No.Bp/54/2019-ാം നമ്പർ കത്തും ഭരണസമിതിയുടെ 11.01.2019-ലെ 3(7)-ാം നമ്പർ തീരുമാനവും**

***പ്രോ.നം. - 57/2019 അടങ്കൽ - 3,00,000/- രൂപ (വികസനഫണ്ട്)***
***പേര് - മന്ദഹാസം (വയോജനങ്ങൾക്ക് കൃത്രിമ ദന്തനിര വച്ച് പിടിപ്പിക്കൽ***

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വയോജനങ്ങൾക്ക് കൃത്രിമ ദന്തനിര വച്ചു പിടിപ്പിക്കുന്നതിനുള്ള '' മന്ദഹാസം'' എന്ന പ്രോജക്ടിന് അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

### 4.55 പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത്

**ബഹു. ചേലക്കര എം.എൽ.എ ശ്രീ. യു.ആർ. പ്രദീപിന്റെ 31.01.2019-ലെ കത്തും പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 31.01.2015-ലെ കത്തും. (SRG 212/19)**

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രവർത്തനം ആരംഭിച്ച പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് ആന്റ് ബെയിലിംഗ് യൂണിറ്റിന്റെ ഭാഗമായി ഓപ്പറേറ്റർ കം മാനേജർ, ഹെൽപ്പർ കം വാച്ച്മാൻ എന്നീ രണ്ടു തൊഴിലാളികളുടെ സേവനം ആറുമാസത്തേയ്ക്ക് ആവശ്യമായി വരുന്നുണ്ട്. ഇവർക്ക് വേതനം നൽകുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പ്രവർത്തനം ആരംഭിച്ച് ആദ്യത്തെ 6 മാസത്തേയ്ക്ക് മാത്രമായി വേതനം നൽകാൻ അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്**

## 4.56 കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത്

**കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 20.12.2018-ലെ A3-5474/18-ാം നമ്പർ കത്തും 06.12.2018-ലെ 33(1)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 256/19)**

പഞ്ചായത്തിലെ ഇഞ്ചത്തൊട്ടി കുടിവെള്ള പദ്ധതിക്ക് വൈദ്യുതിചാർജ്ജ് കുടിശ്ശികയായി 71,293/- രൂപയുണ്ട്. ഇതിന്മേൽ ഗുണഭോക്തൃ കൺവീനറുടെ പേരിൽ റവന്യൂ റിക്കവറി നടപടി വന്നു. ഇതിന്റെ ഗുണഭോക്താക്കൾ ദരിദ്രരും പിന്നോക്കക്കാരും ആയതിനാൽ ഈ തുക തനത് ഫണ്ടിൽ നിന്നും അനുവദിക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** തനത് ഫണ്ട് ഉപയോഗിച്ച് അടയ്ക്കാൻ പ്രത്യേക അനുമതി നൽകുന്നു. ഭാവിയിൽ ഗുണഭോക്തൃ സമിതി തന്നെ ഇത്തരം ചെലവുകൾ വഹിക്കേണ്ടതാണ്

**നടപടി :- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

## 4.57 നന്നമ്പ്ര ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.02.2019-ലെ കത്തും നന്നമ്പ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 15.02.2019-ലെ കത്തും (SRG 247/19 CC /192/19**

***പ്രോനം. 76/19 അടങ്കൽ 5,00,000/- രൂപ(കേന്ദ്രാവിഷ്കൃത വിഹിതം)***

***പേര് :- വിവിധ കുടുംബശ്രീ യൂണിറ്റ് മുഖേന പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിക്കൽ***

പഞ്ചായത്ത് വിവിധ സ്ഥലങ്ങളിൽ നിന്ന് പ്ലാസ്റ്റിക് മാലിന്യം ഹരിത കർമ്മസേന മുഖേന ശേഖരിക്കുന്നു. ഇതുസൂക്ഷിക്കുന്നതിനോ ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനോ സ്ഥല സൗകര്യം പഞ്ചായത്തിന് സ്വന്തമായി ഇല്ല. മൂന്നു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ കെട്ടിടം വാടകയ്ക്ക് നൽകാൻ ഒരു കെട്ടിട ഉടമ തയ്യാറാണ്.

പഞ്ചായത്തിന്റെ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് ഈ കെട്ടിടത്തിൽ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** മാനദണ്ഡ പ്രകാരമുള്ള വാടക നിശ്ചയിക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 4.58 ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത്

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.02.2019-ലെ കത്തും ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 11.02.2019-ലെ കത്തും (SRG 274/19 CC/159/19)**

***പ്രോനം. 78/19*** ***അടങ്കൽ 24,20,000/- രൂപ***
***(വികസനഫണ്ട് 22,00,000/- രൂപ***
***ഗുണഭോക്തൃ വിഹിതം 2,20,000/-)***

***പേര് :- സമൃദ്ധം ഹരിതാഭം (വനിത ഇടവിള )***

340 വനിത ഗ്രൂപ്പുകൾക്ക് സൗജന്യമായി കിഴങ്ങ് വർഗ്ഗ വിത്ത് വിതരണം ചെയ്യാനും ജൈവവളം വിതരണം ചെയ്യുന്നതിനുമുള്ള പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉണ്ട്. മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് മാത്രമേ ഈ പ്രോജക്ട് നടപ്പാക്കാൻ കഴിയൂ. പ്രത്യേക അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഗുണഭോക്താക്കളിൽ ഇരട്ടിപ്പുണ്ടാകാതെ ഗ്രാമപഞ്ചായത്തു നൽകുന്ന ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം നടപ്പാക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

യോഗം വൈകുന്നേരം 5.00 മണിക്ക് അവസാനിച്ചു

**അനുബന്ധം**

1 ബഹു. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി
2 പ്രിൻസിപ്പൽ സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ് (പ്രതിനിധി)
3 ഡോ.കെ.എൻ. ഹരിലാൽ, മെമ്പർ, സംസ്ഥാന ആസൂത്രണബോർഡ്
4 പ്രിൻസിപ്പൽ സെക്രട്ടറി, പ്ലാനിംഗ് ആന്റ് എക്കണോമിക് അഫയേഴ്സ്
5 ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
6 ഡയറക്ടർ, നഗരകാര്യ വകുപ്പ് (പ്രതിനിധി)
7 ഗ്രാമവികസന കമ്മീഷണർ (പ്രതിനിധി)
8 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
9 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
10 ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്
11 എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
12 ഡയറക്ടർ, എസ്.സി. ഡെവലപ്മെന്റ് (പ്രതിനിധി)
13 ഡയറക്ടർ, എസ്.റ്റി. ഡെവലപ്മെന്റ് (പ്രതിനിധി)
14 എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
15 മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്(പ്രതിനിധി)
16 മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എ (പ്രതിനിധി)
17 ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
18 സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ
19 ഡയറക്ടർ, ഡയറി ഡെവലപ്മെന്റ്
20 സ്റ്റേറ്റ് മിഷൻ ഡയറ്ടർ, നാഷണൽ ഹെൽത്ത് മിഷൻ